# <u>കോട്ടക്കൽ നഗരസഭ</u>

R3/18226/12 തിയ്യതി: 27.04.2013

## <u>ലേലപരസ്യം</u>

നഗരസഭയുടെ പണിപൂർത്തീകരിച്ചതും ഒഴിഞ്ഞു കിടക്കുന്നതുമായ മുറികൾ നഗരസഭ നിശ്ചയിച്ചിട്ടുള്ള നിബന്ധനങ്ങൾക്ക് വിധേയമായി ഡെപ്പോസിറ്റ് അടിസ്ഥാനത്തിലും, ലൈസൻസ് വ്യവസ്ഥയിലും ഏറ്റെടുക്കുന്നതിനുള്ള അവകാശം 9.05.2013 ന് രാവിലെ 11.00 മണിക്ക് നഗരസഭാ ഓഡിറ്റോറിയത്തിൽ വെച്ച് പരസ്യമായി ലേലം ചെയ്യുന്നതാണ്. ടി ലേലത്തിൽ പങ്കെടുക്കുന്നവർ ഓരോമുറിക്കും 10,000/- രൂപ വീതം നിരതദ്രവ്യം കെട്ടിവെക്കേണ്ടതാണ്. ലേലം കൊണ്ടയാളും രണ്ടാം സ്ഥാനക്കാരനുമായി വരുന്നയാൾക്കൊഴികെയുള്ളവർക്ക് അന്നേ ദിവസം തന്നെ നിരതദ്രവ്യം മടക്കി നൽകുന്നതാണ്. ലേലം കൊണ്ടയാൾ അന്നേദിവസം തന്നെ ലേലതുകയുടെ 3 ൽ 1 ഭാഗം നഗരസഭയിൽ അടവാക്കി രസീതി ഹാജരാക്കേണ്ടതാണ്. ലേലം ഉറപ്പിച്ച അറിയിപ്പ് കിട്ടി 15 ദിവസത്തിനകം തുക മഴുവനും അടവാക്കി നിശ്ചിത തുകയ്ക്കുള്ള മുദ്രപത്രത്തിൽ എഗ്രിമെന്റ് വെക്കേണ്ടതുമാണ്. ലേല ദിവസം എന്തെങ്കിലും കാരണവശാൽ പൊതു അവധി ദിവസം ആയിവന്നാൽ തൊട്ടടുത്ത പ്രവർത്തി ദിവസം ടി നടപടി നടത്തുന്നതാണ്. ലേല സംബന്ധമായി നഗരസഭ കൗൺസിലിന്റെ തീരുമാനം അന്തിമവും, യാതൊരു കാരണവും കാണിക്കാതെ തന്നെ ആയവ നിരസിക്കാനോ സ്ഥിരപ്പെടുത്താനോ ഉള്ള അധികാരം കൗൺസിലിൽ നിക്ഷിപ്തമാണ്.

കൂടുതൽ വിവരങ്ങൾക്ക് പ്രവർത്തി ദിവസങ്ങളിൽ നഗരസഭാ കാര്യാലയത്തിലെ റവന്യൂ വിഭാഗത്തിൽ നിന്നോ, നഗരസഭയുടെ www.kottakkal.lsgkerala.gov.in ൽ നിന്നോ അറിയാവുന്നതാണ്.

**(ഒപ്പ്)**
**സെക്രട്ടറി**
**കോട്ടക്കൽ നഗരസഭ.**

**പകർപ്പ്:-**
1. **ബഹു. ചെയർപേഴ്സൺ, വൈസ് ചെയർമാൻ സെക്രട്ടറി, സൂപ്രണ്ട്, RI എന്നിവരുടെ മേശപ്പുറത്ത്**
2. **ഓഫീസ്, ലൈബ്രറി, വിട്ടു കിട്ടിയ സ്ഥാപനങ്ങൾ എന്നിവയിലെ നോട്ടീസ് ബോർഡുകൾ**
3. **ഫയലിൽ**

# <u>പ്രധാന ലേല നിബന്ധനകൾ</u>

1. മുറികളുടെ കാലാവധി ഒരു വർഷമോ അഥവാ മുനിസിപ്പൽ കൗൺസിൽ തീരുമാനത്തിനോ വിധയമായിരിക്കും.

2. മുറികൾ ഡെപ്പോസിറ്റ് അടിസ്ഥാനത്തിൽ ലേലം ചെയ്യുന്നതാണ്. പ്രതിമാസ വാടക കൗൺസിൽ നിശ്ചയിക്കുന്നത് അടക്കുവാൻ ലൈസൻസി ബാധ്യസ്ഥനാണ്.

3. ഏറ്റവും കൂടുതൽ സംഖ്യക്ക് ലേലം വിളിച്ചെടുക്കുന്ന ആളുടെ പേരിൽ ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതും നഗരസഭാ കൗൺസിൽ തീരുമാനത്തിനു വിധേയമായി ലേലം ഉറപ്പിക്കുന്നതുമാണ്.

4. ലേലം കൊണ്ടയാൾക്കും രണ്ടാം സ്ഥാനക്കാരനുമൊഴികെ മറ്റുള്ളവർക്ക് നിരതദ്രവ്യം അന്നേ ദിവസം തന്നെ തിരിച്ചു നൽകുന്നതാണ്.

5. ലേലം കൊണ്ടവർ ലേല തുകയുടെ മൂന്നിൽ ഒരു ഭാഗം അന്നേ ദിവസം തന്നെ അടവാക്കേണ്ടതും, ലേലം ഉറപ്പിച്ച അറിയിപ്പു കിട്ടി 15 ദിവസത്തിനകം മുഴുവൻ തുകയും അടവാക്കി നിശ്ചിത തുകക്കുള്ള മുദ്രപത്രത്തിൽ എഗ്രിമെന്റ് വെക്കേണ്ടതുമാണ്.

6. ഓരോ റൂമിന്റേയും നിരതദ്രവ്യം 10,000/- രൂപയാണ്.

7. സർക്കാരും, നഗരസഭയും കാലാകാലങ്ങളിൽ ഏർപ്പെത്തുന്ന നിയമങ്ങളും നിബന്ധനങ്ങളും അനുസരിക്കാൻ ലേലക്കാരൻ ബാധ്യസ്ഥനായിരിക്കുന്നതാണ്.

8. നിശ്ചിത സമയത്തിനുള്ളിൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് അടവാക്കുന്നതിന് വീഴച്ച വരുത്തുന്ന പക്ഷം ടിയാന്റെ നഷ്ടോത്വരവാദിത്വത്തിൽ പുനർ ലേലം ചെയ്യുന്നതും അടവാക്കിയ തുക നഗരസഭ ഫണ്ടിൽ ബർത്തിയാക്കുന്നതുമാണ്.

9. ലേലം ദിവസം ഏതെങ്കിലും കാരണവശാൽ പൊതു അവധിയായിവരുന്ന പക്ഷം തൊട്ടടുത്ത പ്രവർത്തി ദിവസത്തിൽ ലേലം നടത്തുന്നതാണ്.

10. ലേലം കാരണം കാണിക്കാതെ തന്നെ നിറുത്തി വെക്കുന്നതിനും റദ്ദ് ചെയ്യുന്നതിനും നഗരസഭക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

11. ലേലം ഉറപ്പിക്കുന്നതിനും നിരസിക്കുന്നതിനുമുള്ള അധികാരം കൗൺസിലിൽ നിക്ഷിപ്തമാണ്.

**(ഒപ്പ്)**
**സെക്രട്ടറി**
**കോട്ടക്കൽ നഗരസഭ**